# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3021 — 11/12/2014 ൽ മറുപടിക്ക്

### 10-ാം ക്ലാസ്സിലെ സാമൂഹ്യപാഠം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.എൻ. ജയരാജ്<br>ശ്രീ.പി.സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | 10-ാം ക്ലാസ്സിലെ സാമൂഹ്യ പാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) | 10-ാം ക്ലാസ്സിലെ സാമൂഹ്യ പാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പത്താം തരത്തിൽ പൊതു പരീക്ഷയിൽ കഴിഞ്ഞ വർഷത്തെ റിസൾട്ടിൽ ഇതര വിഷയങ്ങൾക്ക് ഉയർന്ന ഗ്രേഡ് ലഭിച്ചവരിൽ പലർക്കും സാമൂഹ്യ പാഠത്തിനു ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | സാമൂഹ്യ പാഠത്തിന്റെ ബൃഹത്തായ പാഠ്യക്രമം മൂലം യഥാസമയം പഠിപ്പിച്ച തീർക്കുന്നതിന് സാധിക്കുന്നില്ലായെന്ന വ്യാപകമായ പരാതി ഗൗരവമായി എടുത്ത് പാഠ്യക്രമം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കിയിട്ടുള്ളതാണ്. ഇപ്പോൾ നടക്കുന്ന പാഠ്യ പദ്ധതി പരിഷ്കരണത്തിന് തുടർച്ചയായി സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം പരിഷ്കരിക്കുന്നത് സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ